


- കെ.ടി അബ്ദുർറഹീം
- സദ്റുദ്ദീൻ വാഴക്കാട്


# ഓർമയിലെ നൂറു രൂപ

**ദക്ഷിണ** കേരളം മലബാറിൽനിന്ന് പല കാര്യങ്ങളിലും വ്യത്യസ്തമായിരുന്നു. ദക്ഷിണ കേരളത്തിലെ പണ്ഡിതന്മാർക്ക് മലബാറിലേതുപോലെ ജമാഅത്തെ ഇസ്‌ലാമിയോട് അന്ധമായ വിരോധമുണ്ടായിരുന്നില്ല. എതിർപ്പുള്ളവരുണ്ടെങ്കിൽ, അവർ മലബാറിൽനിന്ന് പഠിച്ചുപോയവരായിരിക്കും. എങ്കിലും ചെറിയ എതിർപ്പേ അവർക്കുമുണ്ടായിരുന്നുള്ളൂ.

## ദക്ഷിണ കേരളത്തിലെ പണ്ഡിതന്മാർ

ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡന്റായിരുന്നു കരുനാഗപ്പള്ളിക്കാരൻ ശിഹാബുദ്ദീൻ മുസ്‌ലിയാർ. കൊല്ലം ജോനഗപ്പുറം പള്ളിയിലെ മുദർരിസായിരുന്ന അദ്ദേഹം വലിയ പണ്ഡിതനും കായംകുളം ഹസനിയ്യ കോളേജിലെ അസി. മുദർരിസുമായിരുന്നു. അവിടത്തെ ആദ്യത്തെ മുദർരിസ് കെ.ടി ഇബ്റാഹീം മുസ്‌ലിയാരായിരുന്നു. ശാന്തപുരം പട്ടിക്കാട് സ്വദേശിയായിരുന്ന ഇബ്റാഹീം മുസ്‌ലിയാർ, ആമക്കാടാണ് താമസിച്ചിരുന്നത്. കോളേജിൽ വെച്ചുതന്നെ ഹാർട്ട് അറ്റാക്കായാണ് അദ്ദേഹം മരിച്ചത്. എന്റെ പിതാവ് ജീവിച്ചിരുന്ന കാലത്തായിരുന്നു മരണം. അവർ രണ്ടുപേരും സുഹൃത്തുക്കളായിരുന്നു.



*തഖ്‌യുദ്ദീൻ ഒ.ബി പരീത് മൗലവി*

**ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമാ രൂപീകരിച്ചത് ഏതെങ്കിലുമൊരു സംഘടനയെ എതിർക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നില്ല. ഒരു 'പ്രതിപക്ഷ'ത്തെ മുമ്പിൽ കണ്ടായിരുന്നില്ല അവർ നിലവിൽ വന്നതും പ്രവർത്തിച്ചതും എന്നാണ് തോന്നുന്നത്. അതിന്റെ ഗുണം അവരുടെ പ്രവർത്തനങ്ങളിലും സമീപനരീതികളിലും കാണാം. ദക്ഷിണ കേരളത്തിലെ ജനങ്ങളുടെ പ്രത്യേകതകളും ഉൽബുദ്ധതയുമാണ് അവരുടെ സംഘടനാ സങ്കുചിതത്വമില്ലാതിരിക്കാനുള്ള മറ്റൊരു കാരണം.**

കായംകുളത്ത് ഇന്നുള്ള ഹസനിയ്യ കോളേജ്, അന്ന് മദ്റസത്തുൽ ഹസനിയ്യ എന്നാണ് അറിയപ്പെട്ടിരുന്നത്. ഹസനിയ്യ സ്ഥാപിച്ച് നടത്തിയിരുന്നത് ഹാജി

ഹസൻ യഅ്ഖൂബ് സേട്ട് എന്ന ധനികനായിരുന്നു. വ്യാപാര പ്രമുഖനായിരുന്നു സേട്ട്. എന്റെ ജ്യേഷ്ഠനും അവിടെ ഓതിയിട്ടുണ്ട്. കെ.ടി ഇബ്റാഹീം മുസ്‌ലിയാരും ശിഹാബുദ്ദീൻ മുസ്‌ലിയാരും അവിടെ മുദർരിസുമാരായിരുന്നു. മലപ്പുറം മേൽമുറിക്കടുത്ത പൊടിയാട്ട് പള്ളിയിൽ ഇബ്റാഹീം മുസ്‌ലിയാർ മുദർരിസായിരിക്കെ ശിഹാബുദ്ദീൻ മുസ്‌ലിയാർ അദ്ദേഹത്തിന്റെ കീഴിൽ വിദ്യാർഥിയായിരുന്നു. അമാനത്ത് കോയണ്ണി മുസ്‌ലിയാരും അവിടെ വിദ്യാർഥിയായിരുന്നു. ഇബ്റാഹീം മുസ്‌ലിയാർ ഒരു ഘട്ടത്തിൽ ദർസ് നിർത്തി ബോംബെയിലേക്ക് പോവുകയാണുണ്ടായത്.


ശിഹാബുദ്ദീൻ മുസ്‌ലിയാർ ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ രണ്ടാമത്തെ പ്രസിഡന്റായിരുന്നു. ആദ്യത്തെ പ്രസിഡന്റ് കായംകുളം സ്വദേശി യൂനുസ് മുസ്‌ലിയാരായിരുന്നു. നല്ല പണ്ഡിതനായിരുന്ന അദ്ദേഹം, രണ്ടു വർഷമോ മറ്റോ ആണ് പ്രസിഡന്റായിരുന്നത്. അക്കാലത്ത് സെക്രട്ടറിയായിരുന്ന ശിഹാബുദ്ദീൻ മുസ്‌ലിയാർ പിന്നീട് പ്രസിഡന്റാവുകയായിരുന്നു. ഉമർ കുട്ടി മുസ്‌ലിയാരായിരുന്നു അന്ന് സെക്രട്ടറി.

ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ നേതാക്കൾ ഉൾപ്പെടെയുള്ള പണ്ഡിതന്മാർക്കൊന്നും ജമാഅത്തെ ഇസ്‌ലാമിയോട് വെറുപ്പ് ഉണ്ടായിരുന്നില്ല. എല്ലാവരെയും ഉൾക്കൊള്ളുന്ന വിശാല മനസ്സാണ് അവർക്കുണ്ടായിരുന്നത്. ഏറെക്കുറെ ഇന്നും ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായുടെ അവസ്ഥ അങ്ങനെതന്നെയാണ്.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ ഉത്ഭവം മലബാറിലാണ്. 'സമസ്ത'യുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചതും മലബാറിൽതന്നെയായിരുന്നു. അതിനാൽ ദക്ഷിണ കേരളത്തിലേക്കു വേണ്ടി മറ്റൊരു പണ്ഡിത സംഘടന വേണമെന്ന ചിന്തയിൽനിന്നാണ് ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ പിറന്നത്. 'സമസ്ത കേരള' ജംഇയ്യത്തുൽ ഉലമക്ക് യഥാർഥത്തിൽ 'സമസ്ത കേരള' സ്വഭാവം ഉണ്ടായിരുന്നില്ല. അന്ന് ദക്ഷിണ കേരളക്കാരനായ, മലബാറിൽ ഉണ്ടായിരുന്ന ഒരേയൊരു പണ്ഡിതൻ പതി അബ്ദുൽ ഖാദിർ മുസ്‌ലിയാരാണ്. അദ്ദേഹം കൊല്ലം ജില്ലയിലെ ഓച്ചിറ സ്വദേശിയാണ്.

## 'അല്ലാഹു' എന്നതിന്റെ ഉച്ചാരണ തർക്കം

'അല്‍ലാഹു' (اَلّاهُ)– 'അല്ലാഹു' (اَللّٰهُ) തർക്കത്തിന്റെ വക്താവായിരുന്നു പതി. അല്ലാഹു എന്ന് ഉച്ചരിച്ചാൽ ശരിയാവില്ല, അല്‍ലാഹു (اَلّاه) എന്നാണ് പറയേണ്ടത്. ഒരു അക്ഷരം തഫ്ഖീമാക്കുമ്പോൾ, ആ അക്ഷരം അതല്ലാതാവുകയില്ല. 'ല' എന്ന അക്ഷരം തഫ്ഖീമാക്കുമ്പോൾ 'ല്‍ല' എന്നുതന്നെയാണ് ഉച്ചരിക്കേണ്ടത്. 'ല്ല' എന്ന ശബ്ദം വരാൻ പാടില്ല. ഈ വാദം മുന്നോട്ടുവെച്ചത് ഓച്ചിറ ഉസ്താദായിരുന്നു. അദ്ദേഹത്തിന്റെ മകളെയായിരുന്നു 'പതി' വിവാഹം ചെയ്തത്. ഓച്ചിറ ഉസ്താദ് ഉയർത്തിയ വാദത്തിന്റെ പ്രചാരണം ഏറ്റെടുത്തത് 'പതി' ആയിരുന്നു. മലബാറിൽ ഈ വാദം അദ്ദേഹം ഉയർത്തിയിരുന്നില്ല എന്നാണെന്റെ ഓർമ. ദക്ഷിണ കേരളത്തിൽ ഇതൊരു വിവാദ വിഷയമായിരുന്നു. അന്ന്, എന്റെ ജ്യേഷ്ഠൻ അബ്ദുപ്പു മൗലവി 'പതി'യുടെ വാദത്തെ ഖണ്ഡിച്ചുകൊണ്ട് ദക്ഷിണ കേരളത്തിൽ പ്രസംഗങ്ങൾ നടത്തിയിരുന്നു. പക്ഷേ 'പതി'യെ അദ്ദേഹം നേരിൽ കണ്ടിരുന്നില്ല. ഒരിക്കൽ പെരിന്തൽമണ്ണക്കടുത്ത കാര്യാവട്ടത്ത് 'പതി' വന്നു. കൊടക്കാട്ട് മൊയ്തുട്ടി സാഹിബിന്റെ വീട്ടിലാണ് പതിയുണ്ടായിരുന്നത്. അബ്ദുപ്പു മൗലവി പതിയെ കാണാൻ അവിടെ ചെന്നു. 'പതി' ഒരു കട്ടിലിൽ ചാരിക്കിടക്കുന്നു, ചുറ്റും കുറേ പണ്ഡിതന്മാരും ശിഷ്യന്മാരുമൊക്കെയുണ്ട്. പതി പറയുന്നത് മുഴുവൻ അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ആരും എതിർത്തൊന്നും പറയുന്നില്ല. ജ്യേഷ്ഠൻ അന്ന് ചെറുപ്പമാണ്. ജമാഅത്തിനെക്കുറിച്ച് മനസ്സിലാക്കുകയോ അറി



*അബ്ദുൽ ഹമീദ് പുറക്കാട്*




*കൊളക്കാടൻ മുഹമ്മദ് ഉമരി*



*ശൈഖ് അഹ്മദ് തിരുവനന്തപുരം*


**ജമാഅത്തിന്റെ സന്ദേശവുമേന്തി ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തെരുവുകളിലൂടെ ഞാൻ നടന്നു. പീടികത്തിണ്ണയിലും വരാന്തയിലും പള്ളികളിലും അന്തിയുറങ്ങി. ചായക്കടകളിൽ കയറി വിശപ്പടക്കി. പലപ്പോഴും ദിവസം രണ്ടുനേരം മാത്രം ഭക്ഷണം. രാവിലത്തെ ചായ ഉച്ചയോടടുക്കുമ്പോൾ– 11/12 മണിക്ക് കഴിക്കും. രാവിലത്തെ ചായയും ഉച്ചക്കുള്ള ചോറും 'ജംഉം ഖസ്റും' ആക്കി ഒരു ഭക്ഷണം. ബസ് യാത്ര നന്നേ കുറച്ചു. അധികവും കാൽനടയായിരിക്കും. പണമില്ല, അതുതന്നെ പ്രധാന കാരണം.**



*എസ്.എം തയ്യിബ് ആലപ്പുഴ*



*അബ്ദുൽ അസീസ് നീർക്കുന്നം*



*സി.കെ കോയ പള്ളുരുത്തി*

യുകയോ ചെയ്യുന്നതിനു മുമ്പുള്ള കാലം.

സംസാരത്തിനിടെ 'പതി' പറഞ്ഞു: "*മൻ അറഫ നഫ്സഹു ഫഖദ് അറഫ റബ്ബഹു*-ആര് സ്വയം അറിഞ്ഞുവോ അവൻ തന്റെ നാഥനെ അറിഞ്ഞു- എന്ന് നബി (സ) പറഞ്ഞിട്ടുണ്ട്." ഉണ്ണ്യാലി ക്കുട്ടി മുസ്‌ലിയാർ, കെ.ടി മൊയ്തുട്ടി മുസ്‌ലിയാർ തുടങ്ങിയ പണ്ഡിതരൊക്കെ സദസ്സിലുണ്ട്. അവരാരും ഒന്നും പറഞ്ഞി ല്ല. പക്ഷേ, അബ്ദുപ്പ മൗലവി എഴുന്നേ റ്റുനിന്ന് പറഞ്ഞു: "അത് ഹദീസല്ല. യഹ്‌യർറാസിയുടെ അഭിപ്രായമാണ തെന്ന് *ഫതാവൽ ഹദീസിയ്യ*യിൽ ഉണ്ട്." ഇത് കേട്ട പതി പെട്ടെന്ന് തിരിഞ്ഞുനോ ക്കി. ഇങ്ങനെ പറയാൻ ധൈര്യം കാണി ച്ചത് ആരാണ് എന്നതായിരുന്നു നോട്ട ത്തിന്റെ അർഥം. "കുട്ടി ആരാണ്"-പതി യുടെ ചോദ്യം.

"ഞാൻ കൊല്ലം, കൊല്ലൂർ വിള യിലെ മുദർരിസാണ്, അബ്ദുല്ല എന്നാണ് പേര്. നാട് ഇവിടെയാണ്"- അബ്ദുപ്പ മൗലവി പറഞ്ഞു.

"ഫതാവൽ ഹദീസിയ്യയുടെ അക ത്താണോ പുറത്താണോ അങ്ങനെ പറ ഞ്ഞിട്ടുള്ളത്?'' പതിയുടെ അടുത്ത ചോദ്യം (ചില പുസ്തകങ്ങളിൽ മാർജിന് അകത്ത് ഒരു കിതാബും മാർജിന് പുറത്ത് മറ്റൊരു കിതാബും ഉണ്ടാകും. അകത്തോ പുറത്തോ എന്ന ചോദ്യം കൊണ്ട് പതി ഉദ്ദേശിച്ചത് അതാണ്). ചോദ്യം കേട്ട് അബ്ദുപ്പ മൗലവിക്ക് ചിരി വന്നു. പക്ഷേ, അത് പുറത്തുകാണി ക്കാതെ അദ്ദേഹം പറഞ്ഞു: "അകത്താ ണത്. പുറത്തുള്ളത് അദുർറുൽ മൻസൂർ

**ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയുടെ നേതാക്കൾ ഉൾപ്പെടെയുള്ള പണ്ഡിതന്മാർക്കൊന്നും ജമാഅത്തെ ഇസ്‌ലാമിയോട് വെറുപ്പ് ഉണ്ടായിരുന്നില്ല. എല്ലാവരെയും ഉൾക്കൊള്ളുന്ന വിശാല മനസ്സാണ് അവർക്കുണ്ടായിരുന്നത്. ഏറെക്കുറെ ഇന്നും ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായുടെ അവസ്ഥ അങ്ങനെതന്നെയാണ്.**

എന്ന സുയൂത്വിയുടെ കിതാബാണ്. ഉള്ളി ലുള്ളതാണ് *ഫതാവൽ ഹദീസിയ്യ*."

മറുപടി കേട്ട പതി എഴുന്നേറ്റിരു ന്നു. ഒരു നോട്ടുപുസ്തകമെടുത്ത് മറിച്ചു നോക്കിയിട്ട് പറഞ്ഞു: "അത് ശരിയാണ്. പക്ഷേ, സ്വദഖത്തുല്ലാഹിൽ കാഹിരി ഒരി ക്കൽ നബി(സ)യെ സ്വപ്നം കണ്ടു. അദ്ദേഹം നബിയോട് ചോദിച്ചു: ഇങ്ങനെ യൊരു ഹദീസ് അങ്ങ് പറഞ്ഞിട്ടുണ്ടോ? നബി(സ) പറഞ്ഞു: ഉണ്ട്"- ഇതായി രുന്നു പതിയുടെ തെളിവ്. "അത് സ്വപ്ന മാണ്. സ്വപ്നം തെളിവല്ല. പ്രവാചകന്മാ രുടെ സ്വപ്നം മാത്രമേ വഹ്‌യിന്റെ ഒരം ശമാകൂ''- ഇതായിരുന്നു അബ്ദുപ്പ മൗലവിയുടെ മറുപടി. ഇത്രയുമായപ്പോൾ അടുത്തിരുന്നവർ ഇടപെട്ട് തർക്കം അവ സാനിപ്പിച്ചു.

അബ്ദുപ്പു മൗലവി അടുത്ത വിഷ യത്തിലേക്ക് കടന്നു. "ദക്ഷിണ കേരള ത്തിൽ ഒരു തർക്കം നടക്കുന്നുണ്ട്; 'അല്‌ലാഹു' എന്നാണോ 'അല്ലാഹു' എന്നാണോ ഉച്ചരിക്കേണ്ടത് എന്നതാണ് പ്രശ്നം. ബഹുമാന്യനായ ഓച്ചിറ ഉസ്താദാണീ വാദം അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട പതി അബ്ദുൽ ഖാദിർ മുസ്‌ലിയാരാണ് അത് പ്രചരിപ്പിക്കുന്നത്. ദക്ഷിണ മേഖലയിൽ ഇപ്പോഴതൊരു തർക്ക വിഷയമാണ്. അതേക്കുറിച്ച് നേരിട്ട് സംസാരിക്കാനാണ് ഞാൻ വന്ന ത്. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉല മായുടെ പ്രസിഡന്റായിരുന്ന യൂനുസ് മൗലവി ഞങ്ങൾക്ക് ഉച്ചരിച്ച് കേൾപ്പിച്ചു തന്നതാണ് 'അല്ലാഹു' എന്ന ഉച്ചാരണം. അദ്ദേഹം നല്ല പണ്ഡിതനും ഖാരിഉം ആയിരുന്നു. കിതാബുകളിൽ അതിന് ധാരാളം തെളിവുണ്ട്. അതാണ് ഞങ്ങൾ പിന്തുടരുന്നത്"- ഈ വിശദീകരണം കേട്ടപ്പോൾ 'പതി' ചോദിച്ചു: "ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായോ? അങ്ങ നെയൊരു സംഘടനയുണ്ടോ അവിടെ? എത്ര പണ്ഡിതന്മാരുണ്ടതിൽ?"

"ഉണ്ട്, നാനൂറോളം പണ്ഡിതന്മാർ അംഗങ്ങളാണതിൽ"- മറുപടി കേട്ട പ്പോൾ പതിയുടെ അടുത്ത ചോദ്യം: "നാനൂറോളം പണ്ഡിതന്മാരുള്ള ജംഇയ്യ ത്തുൽ ഉലമ ദക്ഷിണ കേരളത്തിൽ ഉണ്ടാ യിട്ടാണോ, കരുനാഗപ്പള്ളിയിൽ ഖാദിയാ നികൾ സ്പീക്കർ വെച്ച് സംസാരിച്ചത്? ഈ പതി അവിടെ ഉണ്ടായിരുന്നെങ്കിൽ അതിനവർ ധൈര്യപ്പെടുമായിരുന്നില്ല!"

"അതെനിക്കറിയില്ല. താങ്കളുടെ നാടാണല്ലോ അത്. അതുകൊണ്ട് അതെല്ലാം താങ്കൾ അറിയേണ്ടതല്ലേ," എന്നു മാത്രമാണ് അതേക്കുറിച്ച് അബ്ദുപ്പ മൗലവി പറഞ്ഞത്. നമുക്ക്

വിഷയത്തെക്കുറിച്ച് സംസാരിക്കാം എന്നും പറഞ്ഞു.

പതി ചോദിച്ചു: 'അലിഫിന്അ, ലാമിന് ശദ്ദ്ല്ല ഹാക്ഹൂ'- അല്ലാഹു (ﷲ) എന്നു പറയാൻ ആരുടെയെങ്കിലും അനുവാദം വേണോ? അബ്ദുപ്പു മൗലവി തിരിച്ചൊരു ചോദ്യമുന്നയിച്ചു: അലിഫിന്അ ലാമിന് കെട്ട് റാക് റാ- അൽറാ (الر)- അതുകൊണ്ട് 'അൽറഹ്മാനി അൽ റഹീം' എന്ന് ഉച്ചരിക്കാൻ ആരോടെങ്കിലും ചോദിക്കണോ? (യഥാർഥ ഉച്ചാരണം- അർറഹ്മാനി അർറഹീം-ഉച്ചാരണത്തിൽ ലാം വരില്ല). പതിക്ക് ഉത്തരം പറയാനായില്ല. ഉണ്ണ്യാലി കുട്ടി മുസ്ലിയാരും മറ്റും ഇടപ്പെട്ട് തർക്കം നിർത്തിച്ചു. ദക്ഷിണ കേരളത്തിൽനിന്ന് മലബാറിലേക്ക് വന്ന പതി ജമാഅത്തിന്റെയും മുജാഹിദിന്റെയും കടുത്ത എതിരാളിയായിരുന്നു.

പക്ഷേ, ദക്ഷിണ കേരളത്തിൽ മറ്റനേകം പണ്ഡിതന്മാരുണ്ടായിരുന്നു. അവർക്കൊന്നും ജമാഅത്തിനോട് അത്തരത്തിലൊരു ശത്രുത ഉണ്ടായിരുന്നില്ല. ഞാൻ മാടന്നടയിൽ സുന്നീ മദ്റസയിൽ അധ്യാപകനായിരിക്കെ, 'എന്റെ ജമാഅത്ത് ബന്ധം' ചർച്ചയായയപ്പോൾ, നാട്ടുകാർ ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമയെ സമീപിച്ചു. പക്ഷേ, ഇത്തരം പ്രശ്നങ്ങളൊന്നും ഞങ്ങൾ കൈകാര്യം ചെയ്യില്ല എന്നായിരുന്നു ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായുടെ മറുപടി. പിന്നീട് 'സമസ്ത കേരള' ജംഇയ്യത്തുൽ ഉലമയാണ് അതിൽ ഇടപെട്ടതും എന്നെ പുറത്താക്കാൻ കമ്മിറ്റിയോട് സമസ്ത ആവശ്യപ്പെട്ടതും. പക്ഷേ, കമ്മിറ്റിയിലും നാട്ടുകാരിലും വലിയൊരു വിഭാഗം എനിക്ക് അനുകൂലമായി നിന്നു. "ഞാൻ ജമാഅത്തെ ഇസ്ലാമിയുടെ അനുഭാവിയാണ്. ജമാഅത്ത് അഹ്ലുസ്സുന്നത്തി വൽജമാഅത്തിന് എതിരല്ല എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അഹ്ലു സുന്നത്തിന്റെ ആദർശങ്ങൾക്ക് എതിരാണ് ജമാഅത്ത് എന്ന് എനിക്ക് ബോധ്യപ്പെടുത്തിത്തന്നാൽ ഞാൻ ജമാഅത്ത് ബന്ധം ഉപേക്ഷിക്കാം" -ഇതായിരുന്നു ഞാനവരോട് പറഞ്ഞത്.

## തഴവ മുഹമ്മദ് കുഞ്ഞ് മൗലവി

ജമാഅത്ത് പിഴച്ച സംഘടനയാണെന്ന വിശ്വാസം ദക്ഷിണ കേരളത്തിലെ ബഹുഭൂരിപക്ഷം പണ്ഡിതന്മാർക്കും ഉണ്ടായിരുന്നില്ല. ദക്ഷിണ കേരളത്തിലെ പ്രഗത്ഭ പണ്ഡിതനായിരുന്നു മുസ്ത്വഫാ ആലിം സാഹിബ്. തിരുവനന്തപുരം പെരുമാതുറ സ്വദേശിയായ അദ്ദേഹം വെല്ലൂർ ബാഖിയാത്തിലെ മുദർരിസായിരുന്നു. ജമാഅത്ത് ദീനിൽനിന്ന് വഴിതെറ്റിപ്പോയ സംഘടനയാണെന്ന അഭിപ്രായം അദ്ദേഹത്തിനുണ്ടായിരുന്നില്ല. കണ്ണനല്ലൂർ ഒ.ബി തഖ്യുദ്ദീൻ പരീത് മുസ്ലിയാർ, കായംകുളം ഉമർ കുട്ടി മുസ്ലിയാർ, തഴവ മുഹമ്മദ് കുഞ്ഞ് മൗലവി തുടങ്ങിയവരുടെയൊന്നും നിലപാടുകൾ ജമാഅത്തിനെതിരായിരുന്നില്ല. പ്രഗത്ഭ പണ്ഡിതനായിരുന്നു തഴവ മുഹമ്മദ് കുഞ്ഞ് മൗലവി. ഇബ്റാഹീം മുസ്ലിയാർ മരിച്ചപ്പോൾ 'തഴവ' മനോഹരമായൊരു മർസിയ- അനുശോചന കാവ്യം- എഴുതിയിരുന്നു.

*മാലീ അറാകി കഌൗബത്തൻ വസഖീമാ*
*മദ്റസത്തൽ ഹസനിയ്യ സ്വിർതി യതീമാ*
*നൈലുദ്ദിമാഌ യസീലുമിൻകി സജീമാ*
*അസഫൻ അലൽജൗസാഌ ഇബ്റാഹീമാ...*
*റബ്ബിഗ്ഫിറൻ ലിശ്ശൈഖി ഇബ്റാഹീമാ...*

എന്നു തുടങ്ങുന്നതായിരുന്നു മർസിയ്യ. 'സമസ്ത' കേരള തുടർന്നുവരുന്ന പല ആചാരങ്ങളോടും വിയോജിപ്പുള്ള സുന്നീ പണ്ഡിതനായിരുന്നു തഴവ. മൗലിദ് പാരായണം അതിലൊന്നാണ്. മൗലിദിനെക്കുറിച്ച് തഴവയുടെ പ്രസിദ്ധമായൊരു കവിതയുണ്ട്:

*മൗലൂദ് ഓതൽ മുമ്പ് പതിവില്ലാത്തതാ*
*അത് ഹിജ്റ മുന്നൂറിന്ന് ശേഷം വന്നതാ*

ശാന്തപുരം പട്ടിക്കാട്ട് അദ്ദേഹം വഅ്ള് പറയാൻ വന്നിരുന്നു. പട്ടിക്കാട് പള്ളിയിലാണ് അദ്ദേഹം താമസിച്ചത്. ഇവിടെ എത്തിയപ്പോൾ അദ്ദേഹം ആദ്യം അന്വേഷിച്ചത്, എന്റെ ഉപ്പ ഹാജി ഉസ്താദിനെയും ജ്യേഷ്ഠൻ അബ്ദുപ്പു മൗലവിയെയുമാണ്. രണ്ടു പേരും മരിച്ചതിനുശേഷമായിരുന്നു അത്. അവരുടെ ഖബ്ർ സന്ദർശിക്കാൻ അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. അബു എന്ന് പേരുള്ളൊരു അനുജനുണ്ടായിരുന്നില്ലേ അബ്ദുപ്പു മൗലവിക്ക് എന്നു പറഞ്ഞ് തഴവ എന്നെ അന്വേഷിച്ചു. ഞാൻ അദ്ദേഹത്തെ ചെന്ന് കണ്ടു. ഞങ്ങളൊരുമിച്ച് ഉപ്പയുടെയും ജ്യേഷ്ഠന്റെയും ഖബ്റുകൾ സന്ദർശിച്ചു. അതായിരുന്നു തഴവ മുഹമ്മദ് കുഞ്ഞു മൗലവിയുടെ സമീപനം

ദക്ഷിണ കേരളത്തിലെ പണ്ഡിതന്മാരുടെ പ്രത്യേകതയായിരുന്നു അത്. മലബാറിലെ പല പണ്ഡിതന്മാരും ഇതിനു വിപരീതമാണെന്നു പറയാം. മലബാറിലെ ഈ അവസ്ഥക്ക് എന്താണ് കാരണമെന്ന് തീർത്തു പറയാനാവില്ല. അന്ധമായ സംഘടനാ സങ്കുചിതത്വമാണ് ഇവിടെയുള്ളത്. ഇവിടെ ആദ്യം രൂപീകരിക്കപ്പെട്ടത് ഉൽപതിഷ്ണുക്കളായ പണ്ഡിതന്മാരുടെ നേതൃത്വത്തിലുള്ള അഖില കേരള ജംഇയ്യത്തുൽ ഉലമയാണ്. പിന്നീടാണ് അവരെ എതിർക്കുകയെന്ന പ്രധാന ലക്ഷ്യത്തോടെ 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമ'യുണ്ടായത്. സമസ്ത പിളർന്നു, കേരള സംസ്ഥാന ജംഇയ്യത്തുൽ ഉലമയുണ്ടായി. ആദ്യം രൂപീകരിക്കപ്പെട്ട കേരള ജംഇയ്യത്തുൽ ഉലമയുടെ സമീപന രീതികളാകാം പിന്നീട് വന്ന 'സമസ്ത'യുടെ പ്രവർത്തനശൈലിയെ രൂപപ്പെടുത്തിയതും സംഘടനാ സങ്കുചിതത്വം വളർത്തിയതും. എന്നാൽ ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമാ രൂപീകരിച്ചത് ഏതെങ്കിലുമൊരു സംഘടനയെ എതിർക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നില്ല. ഒരു 'പ്രതിപക്ഷ'ത്തെ മുമ്പിൽ കണ്ടായിരുന്നില്ല അവർ നിലവിൽ വന്നതും പ്രവർത്തിച്ചതും എന്നാണ് തോന്നുന്നത്. അതിന്റെ ഗുണം അവരുടെ പ്രവർത്തനങ്ങളിലും സമീപനരീതികളിലും കാണാം. ദക്ഷിണ കേരളത്തിലെ ജനങ്ങളുടെ പ്രത്യേകതകളും ഉൽബുദ്ധതയുമാണ് അവിടെ സംഘടനാ സങ്കുചിതത്വമില്ലാതിരിക്കാനുള്ള മറ്റൊരു കാരണം.

തെക്കൻ മേഖലയിലെ പള്ളി ദർസുകളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത് പരിചയമുള്ളതുകൊണ്ടു കൂടിയാണ് ജമാഅത്ത് എന്നെ അവിടേക്ക് നിയോഗിച്ചത്. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളായിരുന്നു പ്രവർത്തന മണ്ഡലം. കെ. മൊയ്തു മൗലവിയുടെ സഹോദരൻ കെ. അബ്ദുസ്സലാം മൗലവിയായിരുന്നു അന്ന് മേഖലാ നാസിം. അദ്ദേഹം ആദ്യം മൂവാറ്റുപുഴയിലും പിന്നീട് മാളയിലും താമസിച്ചു. മൂവാറ്റുപ്പുഴയിൽനിന്നാണ് അദ്ദേഹം വിവാഹം കഴിച്ചത്. സമ്പന്നനായിരുന്ന മരക്കാർ ഹാജിയുടെ മകൾ റാബിഅയാണ് ഭാര്യ. ജമാഅത്തെ ഇസ്ലാമിയുടെ പ്രവർത്തനത്തിനുവേണ്ടി സ്വന്തം നാടും വീടും വിട്ട് കല്ലാച്ചിയിൽനിന്ന് ദക്ഷിണകേരളത്തിലെത്തിയതായിരുന്നു അദ്ദേഹം. കെ.എൻ അബ്ദുല്ല മൗലവി, കെ. മൊയ്തു മൗലവി, കെ.പി.കെ അഹ്മദ് മൗലവി എന്നിവരോടൊപ്പം ജമാഅത്തിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു കെ. അബ്ദുസ്സലാം മൗലവി.

## ഓർമയിലെ നൂറു രൂപ

തിരുവനന്തപുരത്തു വെച്ച് അബ്ദുസ്സലാം മൗലവി നൂറു രൂപ എടുത്ത് കൈയിൽ തന്നു. 'ആളുകളെ സമീപിക്കുക, ജമാഅത്തിനെ പരിചയപ്പെടുത്തുക, പുസ്തകങ്ങൾ നൽകുക, *പ്രബോധന*ത്തിന് വരിചേർക്കുക'- ഇതായിരുന്നു നിർദേശം. ജമാഅത്തിന്റെ സംസ്ഥാന ഓഫീസിൽനിന്ന് മാസത്തിൽ അറുപത് രൂപ വീട്ടിലേക്ക് അയക്കും.

കൊച്ചിയും ആലുവയും കഴിഞ്ഞാൽ പിന്നെ തെക്കോട്ട് ജമാഅത്തിന് ഏറെ പ്രവർത്തകരോ ഹൽഖകളോ ഒന്നും ഉണ്ടായിരുന്നില്ല. ആലപ്പുഴ ടൗണിലും നീർക്കുന്നത്തും ഹംദർദ് ഹൽഖകൾ. പിന്നെ രണ്ടോ മൂന്നോ വ്യക്തികൾ മാത്രം. നിലക്കാമുക്കിലെ അബ്ദുസ്സലാം ആണ് പ്രധാനപ്പെട്ട ഒരു പ്രവർത്തകൻ. തിരുവനന്തപുരത്ത് ശൈഖ് അഹ്മദ് സാഹിബ്, ശൈഖ് മൊയ്തീൻ, മുഹമ്മദ് ഹനീഫ തുടങ്ങിയവർക്ക് ജമാഅത്തിനോട് അടുപ്പവും സ്നേഹവുമുണ്ട്. പക്ഷേ, പ്രവർത്തകരായി മാറിയിട്ടുണ്ടായിരുന്നില്ല. ഓഫീസുകളോ ഇരിക്കാൻ ഇടമോ ഇല്ല. പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് രൂപവും ഇല്ല.

ജമാഅത്തിന്റെ സന്ദേശവുമേന്തി ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ തെരുവുകളിലൂടെ ഞാൻ നടന്നു. പീടികത്തിണ്ണയിലും വരാന്തയിലും പള്ളികളിലും അന്തിയുറങ്ങി. ചായക്കടകളിൽ കയറി വിശപ്പടക്കി. പലപ്പോഴും ദിവസം രണ്ടുനേരം മാത്രം ഭക്ഷണം. രാവിലത്തെ ചായ ഉച്ചയോടടുക്കുമ്പോൾ 11-12 മണിക്ക് കഴിക്കും. രാവിലത്തെ ചായയും ഉച്ചക്കുള്ള ചോറും 'ജംഉം ഖസ്റും' ആക്കി ഒരു ഭക്ഷണം. ബസ് യാത്ര നന്നേ കുറച്ചു. അധികവും കാൽനടയായിരിക്കും. പണമില്ല, അതുതന്നെ പ്രധാന കാരണം. ഒരിടത്തുനിന്ന് ബസ് കയറി അടുത്ത സ്റ്റോപ്പിൽ ഇറങ്ങിയാൽ അതിനിടക്കുള്ള ആളുകളെ കാണാനും സംസാരിക്കാനും കഴിയില്ലല്ലോ. അവർക്ക് ജമാഅത്തിനെ പരിചയപ്പെടുത്താൻ സാധിച്ചില്ലെങ്കിലോ? ഇതായിരുന്നു മറ്റൊരു കാരണം.

## ഒരു കറുത്ത ബാഗ്

കൈയിൽ ഒരു ബാഗ് ഉണ്ടായിരുന്നു. അതിൽ നിറയെ പുസ്തകങ്ങളും *പ്രബോധന*വും. അതും ചുമന്നാണ് നടത്തം. പള്ളിയിലും കടത്തിണ്ണയിലും പേപ്പർ വിരിച്ച് പുസ്തകങ്ങൾ നിരത്തിവെക്കും. ആളുകളെ വിളിച്ചുവരുത്തും. പുസ്തകങ്ങൾ പരിചയപ്പെടുത്തും; ജമാഅത്തിനെയും. ചിലർ ശ്രദ്ധിക്കും, ചിലർ വാങ്ങും. മറ്റു ചിലർ പരിഹസിക്കും, പുഛിക്കും, എതിർക്കും. ആൾക്കൂട്ടത്തെ കാണുന്നിടത്തൊക്കെ ഈ പുസ്തകങ്ങൾ നിരത്തിവെച്ചാണ് ജമാഅത്തിന്റെ ശബ്ദം എത്തിക്കാൻ ശ്രമിച്ചത്.

എസ്.എം ത്വയ്യിബ് സാർ ആയിരുന്നു ആലപ്പുഴ ഹംദർദ് ഹൽഖയുടെ നാസിം. എടപ്പാളിലെ അഫ്സൽ ത്വയ്യിബിന്റെ പിതാവ്. അവർ ആലപ്പുഴയിൽനിന്ന് എടപ്പാളിലേക്ക് താമസം മാറ്റിയതാണ്. കൊപ്ര-കുരുമുളക് കച്ചവടക്കാരനായിരുന്ന എ. അബ്ദുൽ ഹമീദ് സാഹിബാണ് മറ്റൊരാൾ. അദ്ദേഹത്തിന്റെ കീഴിലുള്ള തൊഴിലാളികളാണ് ജമാഅത്ത് പ്രവർത്തകരിൽ അധികവും. നീർക്കുന്നത്തെ ജമാഅത്ത് പ്രവർത്തകൻ അബ്ദുൽ അസീസ് സാഹിബ് അമ്പലപ്പുഴയിൽ ഒരു ജൗളിക്കട നടത്തിയിരുന്നു. പുറക്കാട് അബ്ദുൽ ഹമീദ് എന്നൊരു പ്രവർത്തകനുണ്ടായിരുന്നു. അബ്ദുസ്സലാം മൗലവിയുമായി ഉറ്റബന്ധമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. ഏതാനും പ്രവർത്തകരും രണ്ട് ഹൽഖകളും ഉണ്ടായിരുന്നതുകൊണ്ട് ആലപ്പുഴയാണ് ദക്ഷിണ മേഖലയിലെ പ്രവർത്തനത്തിന്റെ കേന്ദ്രമായി നിശ്ചയിക്കപ്പെട്ടത്. കൊല്ലം അബ്ദുല്ല മൗലവിയായിരുന്നു മറ്റൊരു പ്രധാന പ്രവർത്തകൻ. ഞാൻ മാടന്നടയിൽ അധ്യാപകനായിരുന്നപ്പോൾ അദ്ദേഹം കൊച്ചന്നൂർ സ്കൂളിൽ അധ്യാപകനായിരുന്നു. മലബാറിൽ വന്ന് ജമാഅത്തിനെകുറിച്ച് പഠിച്ച പണ്ഡിതനാണ് അദ്ദേഹം.

(തുടരും)

sadarvzkd@yahoo.co.in